നം.കെ.എസ്.എ.പി.റ്റി.എ.പി7/1439/2016 തീയ്യതി : 18/01/2017

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 05.06.2016 മുതൽ 17.12.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.12.2016 മുതൽ 28.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി സ്മിത റ്റി, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റ്റി.കെ.സജീവ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി എലിസബത്ത് മാത്യു | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ബി.റഫീക്ക് | 01.04.2015 മുതൽ 31.03.2016വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |

| | | |
|---|---|---|
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| 11 | ഡി ആന്റ് ഒ ലൈസൻസ് വിതരണം കാര്യക്ഷമമല്ല | 2-2 |
| 11 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 117411 രൂപ നാളിതുവരെ തിരികെ ലഭിച്ചില്ല | 2-3 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 127869 രൂപ നഷ്ടം | 3-1 |
| 13 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 117411 രൂപ നാളിതുവരെ തിരികെ ലഭിച്ചില്ല | 3-2 |
| 14 | കാലി വീപ്പയുടെ വില തിരികെ ഈടാക്കിയില്ല : 9500 രൂപയുടെ നഷ്ടം | 3-3 |
| 15 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ - നിയമ വിരുദ്ധമായി ആനുകൂല്യം നൽകി | 3-4 |
| 16 | സർക്കാർ അനുമതിയില്ലാതെ നടത്തിയ യാത്രയ്ക്കായി മുൻകൂർ യാത്രപ്പടി നൽകി | 3-5 |
| 17 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി : പ്രവർത്തനങ്ങളുടെ വിവരം ഇല്ല | 3-6 |
| 18 | സർക്കാർ ഉത്തരവിന് വിരുദ്ധമായി മെഡിക്കൽ ക്യാമ്പ് നടത്തി | 3-7 |
| 19 | ക്ഷയരോഗ നിയന്ത്രണ പരിപാടി | 3-8 |
| 20 | മീഡിയാശ്രീ - പദ്ധതി നടപ്പായില്ല | 3-9 |
| 21 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല | 3-10 |
| 22 | ആശുപത്രിക്ക് മരുന്ന വാങ്ങൽ : മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 3-11 |
| 23 | ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരിച്ചില്ല | 3-12 |

| | | |
|---|---|---|
| 24 | ജാഗ്രതാ സമിതികൾ നിഷ്ക്രിയം | 3-13 |
| 25 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല. | 3-14 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 29 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015 -16 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തിയ്യതി | 20.03.2015 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തിയ്യതി | 24.03.2015 |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൾ കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തി ലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2547962 | 11405245 | 8857283 |

| | | | |
|---|---|---|---|
| വരവ് | 76973000 | 32633439 | 44339561 |
| ആകെ | 79520962 | 44038684 | 35482278 |
| ചെലവ് | 76899000 | 38132221 | 38766779 |
| നീക്കിയിരിപ്പ് | 2621962 | 5906463 | 3284501 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ പ്രതീക്ഷിച്ചതുപോലെ തനതു വരുമാനം ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 6500000 | 5858700 | 641300 |
| തൊഴിൽനികുതി | 1200000 | 950150 | 249850 |
| വാടക | 405000 | 346783 | 58217 |
| പെർമിറ്റ് ഫീ | 1500000 | 111758 | 1388242 |
| വിനോദ നികുതി | 100000 | 0 | 100000 |
| സേവന ഉപനികുതി | 1500000 | 880048 | 619952 |
| പരസ്യ നികുതി | 100000 | 0 | 100000 |
| മറ്റുള്ളവ | 4662000 | 868612 | 3793388 |

പിരിച്ചെടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുള്ള പരസ്യ നികുതി ഉൾപ്പെടെയുള്ള മുഴുവൻ നികുതി ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15-05-2016 | 29.06.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-3) വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനത ഉണ്ട്.

1. തൻവർഷ വസ്തു നികുതി ഡിമാന്റ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പുനർനിർണ്ണയത്തിന്റെ ഭാഗമായുള്ള ഫാറം 6-ലുള്ള ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.
2. ബി11ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ വിവരം കൃത്യമല്ല. 2011ന മുൻപ് ആർജ്ജിച്ച ആസ്തികൾ ബി11ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 11405245 |
| വരവ് | 32633439 |
| ആകെ | 44038684 |
| ചെലവ് | 38132221 |
| നീക്കിബാക്കി | 5906463 |

## (1-5) ഫണ്ട് വിനിയോഗം

| ഫണ്ടിനം | *മുൻ ബാക്കി* | *വരവ്* | *റ്റി.സി ചെയ്തു ലഭിച്ചത്* | *ആകെ* | *ചെലവ്* | *ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക* | *നീക്കി യിരിപ്പ്* |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3271500 | 3303313 | 2726687 | 9301500 | 6909944 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3538710 | 0 | 3538710 | 2689023 | 849687 | 0 |
| ലോക ബാങ്ക് സഹായം | 1877000 | 1822112 | 0 | 3699112 | 1822112 | 1877000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4146825 | 0 | 4146825 | 4146825 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 14000 | 0 | 14000 | 14000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4288548 | 0 | 4288548 | 4288548 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 882257 | 0 | 882257 | 882257 | 0 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 104 | 80 | ഇല്ല | 24 | 76.92 |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 08 | 1971498 | 06 | 1175000 | 59.6 |
| സേവനം | 47 | 14177437 | 29 | 8258097 | 58.2 |
| പശ്ചാത്തലം | 49 | 21461831 | 45 | 16969846 | 79.07 |
| ആകേ | 104 | 37610766 | 80 | 26402943 | |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4978580 | 4689679 | -288901 | -6.16 |
| നികുതിയേതര വരവുകൾ | 239569 | 274873 | 35304 | 12.84 |
| മറ്റ് വരവുകൾ | 480534 | 192714 | -287820 | -149.35 |
| ആകെ | 5698683 | 5157266 | -541417 | -10.5 |

നികുതി, നികുതിയേതര വരുമാനത്തിലുണ്ടായ കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## (1-8) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2016ന് 10.10AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 21839രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-9) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.12.2016 | 10/2016 & 11/2016 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 14.12.2001 മുതൽ 31.12.2001 വരെ | 1997-98 മുതൽ 1999-00 വരെ | 26.03.2002 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2015-16 ലെ തൊഴിൽ നികുതി ഈടാക്കിയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല*

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1) യുണൈറ്റഡ് ട്രോപ്പിക്കൽ വീനേഴ്സ് പ്രൈവറ്റ് ലിമി.

ഡി. ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിലുടമയുടെയും, ജീവനക്കാരുടെയും വാർഷികവരുമാന സ്റ്റേറ്റ്മെന്റ്സ് സമർപ്പിച്ചതായും അവരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം, കെട്ടിട നം | ഉടമസ്ഥന്റെ വിവരം | ഈടാക്കിയ ഡി ആന്റ് ഒ ഫീസ് | ജീവനക്കാരുടെ എണ്ണം (അപേക്ഷ പ്രകാരം) |
|---|---|---|---|
| വർക്ക് ഷോപ്പ്, IX/467,268 | എം.ജി. കുഞ്ഞുമോൻ, തൃക്കാർത്തിക | 100 | 4 |
| കൺസ്യൂമർ സ്റ്റോർ XIII/431 | പ്രിൻസ് വർഗീസ്, സഹ.ബാങ്ക്. കവിയൂർ | 200 | 5 |
| കൺസ്യൂമർ സ്റ്റോർ നമ്പർ ലഭ്യമല്ല | പ്രിൻസ് വർഗീസ്, സഹ.ബാങ്ക്. കവിയൂർ | 200 | 3 |
| ഹോട്ടൽ II/214 E,F,G,H,I | റോണി.കെ.വർഗീസ്, കൊച്ചുപറയ്ക്കൽ | 300 | 6 |
| സിമന്റ് ഗോഡൗൺ I/519 A | ബാബു സൈമൺ, വെട്ടുകാട്ടിൽ | 2000 | 7 |
| സിമന്റ് ഗോഡൗൺ II/416 A | ബാബു സൈമൺ, വെട്ടുകാട്ടിൽ | 2000 | 7 |

| | | | |
|---|---|---|---|
| ടെക്സ്റ്റയിൽസ് IX/48 B | ഒ.കെ രാധാകൃഷ്ണൻ നായർ | 2000 | 4 |
| കൺസ്യൂമർ ഉൽപന്നങ്ങളുടെ റീ പാക്കിംഗ് യൂണിറ്റ് | മറിയാമ്മ. ജെ. ബഥേൽ | 900 | 4 |
| ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ്. | പ്രൊപ്രൈറ്റർ, സത്യം പ്രസ്. | 2000 | 4 |
| ഇലക്ട്രിക് ആന്റ് ഇലക്ട്രോണിക് സാധനങ്ങളുടെ വിൽപന | സുനിൽ സെബാസ്റ്റ്യൻ, പാറയിൽ, അതിരമ്പുഴ | 2000 | 2 |

തൊഴിൽനികുതി ഈടാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുള്ള ഉപേക്ഷ ഒഴിവാക്കേണ്ടതും, അടിയന്തിരമായി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തേണ്ടതുമാണ്.

## (2-2) ഡി ആന്റ് ഒ ലൈസൻസ് വിതരണം കാര്യക്ഷമമല്ല

*എ) അംഗീകൃത റേഷൻ ഷോപ്പുകൾ ഡി &ഒ ലൈസൻസ് എടുക്കുന്നില്ല*

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.inപ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കവിയൂർ ഗ്രാമപ്പഞ്ചായത്തിൽ 11റേഷൻകടകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇവയിൽ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽനിന്ന് ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റുള്ളവയെ നാളിതുവരെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഇവ ലൈസൻസ് എടുക്കാതിരിക്കുന്നതിലൂടെ ലൈസൻസ് ഫീസ് ഇനത്തിലും സ്ഥാപന തൊഴിൽനികുതിയിനത്തിലും പഞ്ചായത്തിന് പ്രതിവർഷം വലിയ തുകനഷ്ടപ്പെടുന്നു. മുഴുവൻ റേഷൻ കടകളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

*ബി) ലൈസൻസ് വിതരണത്തിൽ ഗവ. സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല*

ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമായി ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ഇത് സംബന്ധിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഒരു പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.01.2013 ലെ 66562/RC3/2012 -ാം നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡി ആന്റ് ഒ ലൈസൻസിനായി ലഭിച്ച ഏതാനും അപേക്ഷകളിൽ മാത്രമേ ഹെൽത്ത് ഇൻസ്പെക്ടറിൽനിന്ന് അന്വേഷണ റിപ്പോർട്ട് വാങ്ങിയിട്ടുള്ളൂ. പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുമില്ല.

ലൈസൻസ് എടുത്തിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായതും ലൈസൻസിൽ ഉൾപ്പെടാത്തതുമായ വസ്തുക്കളുടെ വില്പന നിരീക്ഷിക്കുന്നതിനും ഇതുമൂലമുണ്ടാകുന്ന നഷ്ടം കണ്ടെത്തി ഒഴിവാക്കുന്നതിനും പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## (2-3) ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 117411 രൂപ നാളിതുവരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ117411രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്.എന്നാൽ 2015-16 വർഷം 22 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ആകെ ഒടുക്കിയ തുക

സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജ.നം. | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | വാറ്റ് | ആകെ തുക |
|---|---|---|---|---|---|
| 1 | 5/16<br>അടങ്കൽ- 779669 | 3 | 1559x3=4677 | 288 | 4965 |
| 2 | 10/16<br>അടങ്കൽ- 961079 | 4 | 1922x4=7688 | 384 | 8072 |
| 3 | 11/16, 580000 | 4 | 1160x4=4640 | 232 | 4872 |
| 4 | 12/16, 836833 | 2 | 1674x2=3348 | 168 | 13516 |
| 5 | 13/16, 750000 | 7 | 1500x7=10500 | 525 | 11025 |
| 6 | 14/16,1075000 | 4 | 1620x4=6480 | 324 | 6804 |
| 7 | 15/16,1293276 | 2 | 1940X2=3880 | 194 | 4074 |
| 8 | 833/16, 848975 | 6 | 1698X6=10188 | 510 | 10698 |
| 9 | 54/16, 835100 | 4 | 1670X4=6680 | 336 | 7016 |
| 10 | 34/16, 1103217 | 7 | 2206x7=15442 | 770 | 16212 |
| 11 | 37/16, 744594 | 3 | 1489x3=4467 | 222 | 4689 |
| 12 | 7/16, 1000000 | 3 | 2000x3=6000 | 300 | 6300 |
| 13 | 6/16, 1000000 | 2 | 2000x2=4000 | 200 | 4200 |
| 14 | 16/16, 1168875 | 3 | 2338x3-7014 | 351 | 7365 |
| 15 | 35/16, 1361000 | 1 | 2722x1=2722 | 136 | 2858 |
| 16 | 36/16, 1265100 | 3 | 2530x3=7590 | 381 | 7971 |
| | ആകെ | | | 5321 | 110637 |

2014-15 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 110637 രൂപ തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ 5321രൂപ വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന 105316രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമാണ് .

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 127869 രൂപ നഷ്ടം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR (Delhi Scheduled Rate) പ്രകാരമാണ് 2015-16 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base rate) 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/$m^3$ ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) - Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amout |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |

| | | | | | |
|---|---|---|---|---|---|
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95% | | | | | 1946.47 |
| Total | | | | | 6699.76+10%CP &5%OH |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന പകരം (Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനം, നിരക്കും അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7).

For Flooring: (DSR Code:11.7) - Details of cost for 1m$^3$

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| | Labour: Extra labour for laying in floors etc | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta, 40.95% | | | | | 2050.78 |
| Total | | | | | 7058.78+10%CP &5%OH |

ഇതുമൂലം ഓഡിറ്റ് വർഷം കോൺട്രാക്ടർ മുഖേന ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | അളവ് (m3) | പ്രതിഫലം നൽകിയത് (@8117.59/ m3) | അനുവദനീയമായത് (@ 7704.72/ m3) | നഷ്ടം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. -38 /16<br>കോൺട്രക്ടർ-ശ്രീ.പ്രസാദ്.എ.,കൊച്ചുമാമൂട്ടിൽ<br>ചെലവ് - ₹822471<br>ബിൽ നം., തീ. - 12&13/15.3.16<br>എം.ബുക്ക് നം. 03/15-16 | 31.38 | 254754.32 | 241774.11 | 12980.21 |
| 2 | പ്രോജക്ട് നം. -14/16<br>കോൺട്രക്ടർ -ശ്രീ.കെ.ഒ.കുര്യാക്കോസ്,കണ്ണംകുഴിയിൽ<br>ചെലവ് - ₹725000<br>ബിൽ നം., തീ. - 28&35<br>/31-03.16<br>എം.ബുക്ക് നം.-1/15-16 | 39.825 | 323283.02 | 306840 | 16443.02 |
| 3 | പ്രോജക്ട് നം. - 37/16<br>കോൺട്രാക്ടർ-ശ്രീ.അസീസ്എം.എം., മുതിരക്കാ-ലായിൽ, മൂവാറ്റുപുഴ<br>ചെലവ് - ₹669594<br>ബിൽ നം., തീ. -26&32/31-03-2016<br>എം.ബുക്ക് നം. 11/15-16 | 3.11 | 25245.7 | 23961.68 | 1284.02 |
| 4 | പ്രോജക്ട് നം. -10 /16<br>കോൺട്രക്ടർ- ശ്രീ.അസീസ്.എം.എം<br>ചെലവ് - ₹859488<br>ബിൽ നം., തീ. - 12&13/15.3.16<br>എം.ബുക്ക് നം.10/15-16 | 41.648 | 338081.38 | 320886.18 | 17195.2 |
| 5 | പ്രോജക്ട് നം. - 7/16<br>കോൺട്രാക്ടർ - ശ്രീ .അജികമാർ, ദേവലക്ഷ്മി.,വള്ളിക്കോട്<br>ചെലവ് - ₹580472 | 44.713 | 362961.8 | 344501.15 | 18460.65 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം., തീ. - 21/15.03.16<br>എം.ബുക്ക് നം. 4/15-16 | | | | |
| 6 | പ്രോജക്റ്റ് നം. - 34/16<br>കോൺട്രക്റ്റർ - ശ്രീ പ്രസാദ്.<br>ചെലവ് -₹1103237<br>ബിൽ നം., തീ. - 20/15.03.16<br>എം.ബുക്ക് നം.13/15-16 | 89.43 | 725936.07 | 689033.11 | 36902.96 |
| 7 | പ്രോജക്റ്റ് നം. - 16/16<br>കോൺട്രാക്റ്റർ - ശ്രീ.അനീഷ് സക്കറിയ,കടക്കരേത്ത്,റന്നി ഹരുൺ.എച്ച്.നായർ,താന്നിക്കാട്ടേത്ത്,കടപ്ര<br>ചെലവ് - ₹903859<br>ബിൽ നം., തീ. - 5&6/15.03.16<br>എം.ബുക്ക് നം.16/15-16 | 44.019<br>(item 2,ap-B-44.019 | 357328.19 | 339514.07 | 17814.12 |
| | | AppendxC<br>16.50 | 133940.23 | 127127.88 | 6812.35 |
| | ആകെ | | | | 127869.41 |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 127869 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ പുളിക്കീഴ് ബ്ലോക്ക്, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## (3-2) <u>കാലി വീപ്പയുടെ വില തിരികെ ഈടാക്കിയില്ല : 9500 രൂപയുടെ നഷ്ടം</u>

2014ലെ ഡിഎസ് ആർ നിരക്കുകൾ ആധാരമാക്കിയാണ് ടാറിംഗ് വേലകളുടെ എസ്റ്റിമേറ്റ് തയാറാക്കിയത്. പോട്ട് ഹോൾ ഫില്ലിംഗ്, സീൽകോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, ടാക് കോട്ട് എന്നീ ടാർ ഉപയോഗ ഇനങ്ങൾക്ക് ടണ്ണിന് 50600രൂപ വിലയുള്ള വിജി10ടാർ (VG-10) കൺവേയൻസ് ഉൾപ്പെടെയുള്ള തുക ഉൾപ്പെടുത്തിയാണ് നിരക്ക് നിർണയിച്ചിട്ടുള്ളത്. ടി നിരക്ക് അനുസരിച്ച് തുക അനുവദിക്കുമ്പോൾ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനിയർ ടെണ്ടർ/ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളിൽ ഉപയോഗിച്ച ടാറിന്റെ ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല. ഇതുമൂലം താഴെപ്പറയുംപ്രകാരം 9500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രോജ. നം | എം.ബുക്ക് നം. | ചെലവു വിവരം, | കോൺട്രാക്റ്ററുടെ പേര് | ഉപയോഗിച്ച ടാറിന്റെ അളവ് | ഒഴിഞ്ഞ ബാരലിന്റെ വില (238+ 5%vat) | ആകെ |
|---|---|---|---|---|---|---|---|
| 1 | 5/16 | 6/15-16 | ബിൽ നം. 3&4/15.3.16 325000, 354669/- | സുകുമാരൻ.ടി.ജി., | 1940.04kg<br>(13ബാരൽ) | 238x13 =3250<br>12x13<br>=156 | 3250 |
| 2. | 54/16 | 5/15-16 | ബിൽനം. 14/15.3.16, | അനിൽ.വി.വർഗ്ഗീസ് | 3994.2kg | 238x25 =5950 | 6250 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 677664/- | | (25 ബാരൽ) | 12x25<br>=300 | |
| ആകെ | | | | | | | 9500 |

കാലി വീപ്പയുടെ വില ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 9500 രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും വാറ്റിനത്തിലുള്ള 456 രൂപ വാണിജ്യ നികുതി വകുപ്പിൽ ആടവാക്കേണ്ടതുമാണ്.

## **(3-3)** കാർഷിക മേഖലയിലെ പ്രോജക്ടുകൾ - കേരള പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമായി ആനുകൂല്യം നൽകി

കേരള പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമായും സബ്സിഡി മാർഗ്ഗരേഖ ലംഘിച്ചും കാർഷിക മേഖലയിൽ പദ്ധതി നിർവ്വഹണം നടത്തി. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെയാണ് ഇപ്രകാരം നിയമവിരുദ്ധമായി തെരഞ്ഞെടുക്കുകയും ആനുകൂല്യം നൽകുകയും ചെയ്തത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 എ (1) (സി), 3എ (9) എന്നിവ പ്രകാരം ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പുവരുത്തി, ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപ്പഞ്ചായത്തിന് നൽകുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഇതിനു പകരം കൃഷി ഓഫീസർ നേരിട്ട് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റ്, പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയുമായിരുന്നു. ഇത്തരത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം നൽകിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പരും പേരും | ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം./ചെക്ക് നം./തീയതി |
|---|---|---|---|
| നം.22/2016 - നെൽകൃഷി വികസനം | ധന.കമ്മീഷൻ ഗ്രാന്റ് | 200000<br>138096<br>61904<br>---------------<br>ആകെ 400000 | 04/15-16- 31.03.2016<br>06/15-16- 31.03.2016<br>07/15-16- 31.03.2016 |
| നം.23/2016 - ജലസേചന പമ്പ് സെറ്റ് | ധന.കമ്മീഷൻ ഗ്രാന്റ് | 75000 | 05/15-16- 31.03.2016 |
| നം.44/2016 – പച്ചക്കറി കൃഷി | വികസനഫണ്ട്<br>ധന.കമ്മീഷൻ ഗ്രാന്റ്<br>തനതുഫണ്ട് (ചെക്ക്) | 50000<br>125000<br>305000<br>--------------<br>ആകെ 480000 | 02/15-16- 17.12.2015<br>03/15-16- 31.03.2016<br>7739630/05.10.2015 |
| ആകെ | | | |

2015-16വർഷത്തെ പ്രോജക്ടുകൾക്കായി ഗ്രാമസഭ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നൽകിയ ലിസ്റ്റ് 26.02.2016ലെ പഞ്ചായത്ത് കമ്മറ്റിയുടെ I (6)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട, മുഴുവൻ വാർഡിലെയും ഗുണഭോക്താക്കളുടെ പേരുവിവരം ആറാം വാർഡിലെ (മതിമല) ഗ്രാമസഭാ മിനിട്സ് ബുക്കിൽ 11.07.2015-ാം തീയതിയിലെ മിനിട്സിന് അനുബന്ധമായി എഴുതിച്ചേർക്കുകയും ചെയ്തു. ഇത്തരത്തിൽ ഗ്രാമസഭകളെ അപ്രസക്തമാക്കുന്ന തരത്തിൽ പദ്ധതി നിർവ്വഹണം നടത്തിയത് നിയമവിരുദ്ധമാണ്. അതിനാൽ മേൽപ്പറഞ്ഞ മൂന്ന് പ്രോജക്ടുകൾക്കുമായി

ചെലവഴിച്ച 955000രൂപ നിരാകരിക്കുന്നു. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമുള്ള ധന ദുർവിനിയോഗമായതിനാൽ ടി തുക നിർവ്വഹണ ഉദ്യോഗസ്ഥൻ, ഗ്രാമപ്പഞ്ചായത്തുകമ്മറ്റിയംഗങ്ങൾ എന്നിവരിൽനിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

*എ) ജലസേചന പമ്പ് സെറ്റ് - ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പുവരുത്തിയില്ല മാർഗ്ഗരേഖയുടെ ലംഘനം*

'ജലസേചന പമ്പ് സെറ്റ് ' എന്ന പ്രോജക്ട് പ്രകാരം 15ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ വികസനഫണ്ടിൽനിന്നും 5000 രൂപവീതം നൽകിയിട്ടുണ്ട് (ആകെ 75000രൂപ) [ബിൽ നം. 5/15-16, തീയതി 31.3.16]. എന്നാൽ ഇവരുടെ സ്ഥിരതാമസം, തൊഴിൽ, വരുമാനം, എന്നിവ പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയിട്ടല്ല പ്രസ്തുത ആനുകൂല്യം നൽകിയിട്ടുള്ളത്.

വിദേശത്ത് ജോലിയുള്ളവരും, സർക്കാർ - അർദ്ധ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും സബ്സിഡിക്ക് അർഹരല്ലായെന്ന് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.362/2013ത.സ്വ.ഭ.വ തീയതി 13.11.2013] വ്യക്തമാക്കുന്നു. മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ റേഷൻകാർഡിന്റെ പകർപ്പ് ഫയലിൽ ഇല്ല. അതിനാൽ, ആനുകൂല്യം കൈപ്പറ്റിയവർ പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണോയെന്നും അനർഹർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ ഓഡിറ്റിൽ കഴിഞ്ഞിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## (3-4) സർക്കാർ അനുമതിയില്ലാതെ നടത്തിയ യാത്രയ്ക്കായി മുൻകൂർ യാത്രപ്പടി നൽകി

സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടത്തിയ ഡെൽഹി യാത്രയ്ക്ക് മുൻകൂറായി തുക അനുവദിച്ചു. നാളിതുവരെ ടി യാത്രയ്ക്ക് സർക്കാരിൽനിന്ന് സാധൂകരണം വാങ്ങുകയും മുൻകൂർ ക്രമീകരിക്കുകയും ചെയ്തിട്ടില്ല.

24.04.2015ൽ ന്യൂഡെൽഹിയിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ദേശീയ പഞ്ചായത്തു ദിനാചരണത്തിൽ പങ്കെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും ഉപാദ്ധ്യക്ഷൻമാർക്കും ജി.ഒ.(ആർ.റ്റി.) നം.1129/2015/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്ക് പുറമേ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരും പ്രസ്തുത പരിപാടിയിൽ പങ്കടുത്തു. ഇതിനായി ഒരാൾക്ക് 12000രൂപവീതം നാലുപേർക്കായി 48000രൂപ മുൻകൂർ നൽകുകയും ചെയ്തു (ചെക്ക് നം.3098 തീയതി 21.04.2015).

ജനപ്രതിനിധികൾക്കുവേണ്ടിയുള്ള പരിപാടിയിൽ പങ്കെടുക്കാൻ സർക്കാർ അനുമതിയില്ലാതെ ഉദ്യോഗസ്ഥർ യാത്ര നടത്തിയതും ഇതിനായി പഞ്ചായത്ത് ഫണ്ടിൽനിന്ന് തുക ചെലവഴിച്ചതും ക്രമവിരുദ്ധമാണ്. പ്രസ്തുത യാത്രയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് കത്ത് അയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സർക്കാരിൽനിന്ന് മറുപടി ലഭിച്ചിട്ടില്ല. അതിനാൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ കൈപ്പറ്റിയ തുകകൾ തിരിച്ചടയ്ക്കേണ്ടതാണ്. കൂടാതെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ കൈപ്പറ്റിയ മുൻകൂർ തുക, ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതുമാണ്.

## (3-5) പകർച്ചവ്യാധി നിയന്ത്രണ പരിപാടി : പ്രവർത്തനങ്ങളുടെ വിവരം ഇല്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ 'പകർച്ചവ്യാധി നിയന്ത്രണം ' (പ്രോജക്ട് നം.S 0042/2016) എന്ന പ്രോജക്ട് പ്രകാരം, 2015ഏപ്രിൽ മുതൽ 2016മാർച്ച് വരെയുള്ള മാസങ്ങളിൽ കൊതുക നശീകരണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനുമായി 50000രൂപ ചെലവഴിച്ചിട്ടുണ്ട് [മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)] [ബിൽ നം. 5/15-16 തീയതി 29.02.2016 തുക 28000/- & ബിൽ നം.17/15-16 തീയതി 31.03.2016 തുക 22000/-]. സന്ദർശിച്ച വീടുകളുടെ വിവരങ്ങൾ, നടത്തിയ പ്രവർത്തനങ്ങൾ, പ്രതിദിന റിപ്പോർട്ട് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചതിന്റെ വിവരം, ഇതു സംബന്ധിച്ച് വാർഡുമെമ്പർ / അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വാർഡുതല ശുചിത്വ സമിതികൾക്കും ശുചിത്വമിഷനിൽനിന്ന് ഇതേ ആവശ്യത്തിന് ഫണ്ട് നൽകിവരുന്നുണ്ട്. അതിനാൽ ഓരോ ഇനം ഫണ്ടും ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അനിവാര്യമാണ്. സുതാര്യതയില്ലാതെ നടത്തിയ ചെലവ് തുക 50000രൂപ തടസ്സപ്പെടുത്തുന്നു.

## (3-6) സർക്കാർ ഉത്തരവിന് വിരുദ്ധമായി മെഡിക്കൽ ക്യാമ്പ് നടത്തി

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ 'പകർച്ചവ്യാധി നിയന്ത്രണം ' (പ്രോജക്ട് നം.S 0041/2016) എന്ന പ്രോജക്ടിന്റെ ഭാഗമായി, ഇതര സംസ്ഥാന തൊഴിലാളികളുള്ള സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് 20000 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.08/15-16 തീയതി 14.03.2016). മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരുടെ വിശദാംശങ്ങളും മറ്റും ഫയലിൽ ഇല്ല. ഉല്പാദനപരമല്ലാത്ത മേളകളും, ക്യാമ്പുകളും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഏറ്റെടുക്കരുതെന്നും എന്നാൽ വിദൂര സ്ഥലങ്ങളിലെ പട്ടിക വർഗ്ഗ കോളനികളിൽ ക്യാമ്പുകൾ നടത്താവുന്നതാണെന്നും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്) നം.362/2013ത.സ്വ.ഭ.വ തീയതി 13.11.2013] സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ സാഹചര്യത്തിൽ ചെലവ് തുക 20000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-7) ക്ഷയരോഗ നിയന്ത്രണ പരിപാടി - ബോധവൽക്കരണ ക്യാമ്പ് നടത്തിയത്

'ക്ഷയരോഗ നിയന്ത്രണ പരിപാടി' (പ്രോജക്ട് നം.S 0043/2016) എന്ന ഒരു പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ 10000രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 07/2015-16തീയതി 29.03.2016 & ബിൽ നം. 09/2015-16തീയതി 29.03.2016 ). ടി ചെലവ് തുകയിൽ 8600രൂപയുടെ ഹോട്ടൽ ബില്ല്, 1000 രൂപ അനൗൺസ്മെന്റ് , 300രൂപ ഫ്ലെക്സ് പ്രിന്റിംഗ് ചാർജ്ജ്, 100രൂപ വാഹന വാടക എന്നിവ ഉൾപ്പെടുന്നു. ക്ഷയരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നേരിട്ട് നടത്തുന്നതാണ്. അതിനാൽ ഈ ആവശ്യത്തിന് ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതിപ്പണം ചെലവഴിക്കാൻ അനുമതിയില്ല. കൂടാതെ, വിദൂര സ്ഥലങ്ങളിലെ പട്ടിക വർഗ്ഗ കോളനികളിൽ മാത്രമേ മെഡിക്കൽ ക്യാമ്പുകൾ നടത്താവൂ എന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്) നം.362/2013ത.സ്വ.ഭ.വ തീയതി 13.11.2013] സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ച 10000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-8) മീഡിയാശ്രീ - പദ്ധതി നടപ്പായില്ല

2015-16 വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മീഡിയാശ്രീ എന്ന പ്രോജക്ട് (43/16) പ്രകാരം 65000 രൂപ അവാർഡ് തുകയിൽ നിന്നും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. 5/12/2014-ലെ സ.ഉ(സാധാ.) നം 3206/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കാണ് തുക നൽകിയത്(ഡി.ഡി നം.439497/05.04..2016). കുടുബശ്രീ മിഷനുമായി കരാറിൽ ഏർപ്പെടുകയോ, ചിത്രീകരണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിനിയോഗരേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## (3-9) തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി - ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടും പദ്ധതി നടപ്പിലായില്ല

| | |
|---|---|
| പ്രോജക്ട് നം | 6/2016 |
| പ്രോജക്ടിന്റെ പേര് | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി |
| അടങ്കൽ | 70000 |
| ചെലവ്/ ഫണ്ടിനം | വികസനഫണ്ട് (ജനറൽ) |
| നിർവ്വഹണം | സെക്രട്ടറി |
| ഡിഡി നം./തീയതി | 439496/05.04.16 – 70000/- |

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി (ആനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽനിന്നും 70000രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുപരിധിയിൽ നടത്തിയിട്ടില്ല. തെരുവുനായ് ശല്യം രൂക്ഷമായിട്ടും, ലഭ്യമായ പണം ചെലവഴിച്ച് പദ്ധതി നടപ്പാക്കാതിരിക്കുന്നത് അധികൃതരുടെ ഭാഗത്തുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കി പുരോഗതി നിരീക്ഷിക്കേണ്ടതും ചെലവിനെ സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. തത്കാലം ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## (3-10) ആശുപത്രിക്ക് മരുന്നു വാങ്ങൽ : മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

2015-16വർഷം പി.എച്ച്.സി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*എ) ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം.S 0027/2016)*

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ 150000രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് ഡി.ഡിയായി നൽകിയിട്ടുണ്ട് (ഡി.ഡി.നം.438714തീയതി 21.03.2016). എന്നാൽ നാളിതുവരെ ടി സ്ഥാപനം മരുന്ന് ലഭ്യമാക്കിയിട്ടില്ല.

*ബി) പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.S 0026/2016)*

പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ 200000രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഡി.ഡിയായി നൽകിയിട്ടുണ്ട് (ഡി.ഡി.നം.439284തീയതി 31.03.2016). പ്രസ്തുത സ്ഥാപനത്തിൽനിന്ന് നാളിതുവരെ 172786രൂപയുള്ള മരുന്ന മാത്രമാണ് ലഭ്യമായിട്ടുള്ളത്.

തുക മുൻകൂർ നൽകിയ വേളയിൽ 'ഹോംകോ', കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ ഒപ്പ് വച്ചിട്ടില്ല. യഥാസമയം മരുന്ന് ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഇതുമൂലം സാധിക്കാത്ത അവസ്ഥയാണ്.

ലഭിക്കാൻ അവശേഷിക്കുന്ന 227214 രൂപയുടെ (200000+27214) മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 227214 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-11) ഇ.എം.എസ് ഭവനപദ്ധതി പൂർത്തീകരിച്ചില്ല

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽനിന്നും 50 പേരും , പട്ടികജാതി വിഭാഗത്തിൽനിന്നും മൂന്നുപേരുമാണ് കരാറിലേർപ്പെട്ട് വീട് നിർമ്മാണം ആരംഭിച്ചത്. എന്നാൽ ഇവരിൽ 50 പേർ മാത്രമാണ് നാളിതുവരെ വീടുനിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിഭാഗം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ലീലാമ്മ ബാബു, മാത്തിൽ പറമ്പിൽ | ജനറൽ | 52500 |
| 2 | ഗോപാലകൃഷ്ണൻ, ഇരുന്നകഴി പോളയ്ക്കൽ | ജനറൽ | 22500 |
| 3 | ശശികുമാർ റ്റി.കെ, ഉണ്ടിയിൽ | SC | 70000 |

ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പിഴപ്പലിശ സഹിതം കണക്കാക്കി തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-12) ജാഗ്രതാ സമിതികൾ നിഷ്ക്രിയം

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കും വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് രൂപീകൃതമായ ജാഗ്രതാ സമിതികളുടെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്. മൂന്ന മാസത്തിലൊരിക്കൽ ജാഗ്രതാസമിതി യോഗം ചേരേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും ആയി വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർ പേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവരാണ് പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നത്.

പഞ്ചായത്തുതല ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനാണ് വാർഡിൽ മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ,ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയെന്നത് ഈ സമിതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. ആയതിനാൽ ജാഗ്രതാസമിതികൾ യഥാസമയം യോഗം ചേരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (3-13) അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല.

കവിയൂർ ഗ്രാമപഞ്ചായത്തിൽ 18 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 9 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളിലൊന്നാണിത്. ഇതിൽ രണ്ട് അംഗൻവാടികൾക്ക് (നം. 5,12) സ്വന്തമായി കെട്ടിടനിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. രണ്ട് അംഗൻവാടികൾക്ക് (നം 16,117)സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിടം പണി ആരംഭിച്ചിട്ടില്ല. 7 അംഗൻവാടികൾക്ക് ചുറ്റുമതിലിന്റെ പരിരക്ഷ ഇല്ല. 3 അംഗൻവാടികളിൽ വൈദ്യുതി

ലഭിച്ചിട്ടില്ല. വൈദ്യുതി ലഭ്യതയുള്ള 15 അംഗൻവാടികളിൽ 3 എണ്ണത്തിൽ മാത്രമാണ് ഇലക്ട്രോണിക് ഉപകരണങ്ങൾ (കമ്പ്യൂട്ടർ) ഉള്ളത്. ഒറ്റ അംഗൻവാടിയിലും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ ഇല്ല. 9അംഗൻവാടികളിൽ പൈപ്പ് ലൈൻ സൗകര്യമുള്ളപ്പോൾ 6 അംഗൻവാടികൾ കുടിവെള്ളത്തിന് കിണറിനെ ആശ്രയിക്കുന്നു. 3 എണ്ണത്തിൽ സ്വന്തമായി കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യമില്ല. ശിശു വികസന പദ്ധതികളിൽ പ്രധാന പങ്ക് വഹിക്കുന്നവയാണ് അംഗൻവാടികൾ. അതുകൊണ്ടുതന്നെ എല്ലാ അംഗൻവാടികളിലെയും അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### (4-1) സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇല്ല | | | | |

### (4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| KSEB | മനയ്ക്കൽചിറ പാർക്കിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 3243 | 31110 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

### (4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

### (4-4)(i) വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |

| | | | | | |
|---|---|---|---|---|---|
| 1 | ഇ.എം.എസ്.ഭവന പദ്ധതി | 1360308 | 1360308 | -- | -- |

## (4-5) സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## (4-6) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-99 | 3-42 | 12450 | മേരിക്കുട്ടി, സെക്രട്ടറി | 11502101173/11.09.2015 |
| ആകെ | | 12450 | | |

## (4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽനിന്നും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 1999 -2000 ഖണ്ഡിക. 17 | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | 2002-03 | VII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 ഖണ്ഡിക. 38 | പെരുമ്പെട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | 2002-03 | VII 3.6(ii) | പെരുമ്പെട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 ഖണ്ഡിക. 42,51 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാർ പണി നടത്താത്തത് സംബന്ധിച്ച് | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമ്മാർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 1999-2000<br>ഖണ്ഡിക.<br>49 | മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡ്<br>പദ്ധതി<br>നടത്തിപ്പിലെ<br>അപാകതകൾ | 2002-03 | VII<br>3.6(iv) | മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡ് പദ്ധതി<br>നടത്തിപ്പിലെ<br>അപാകതകൾ | LFAC(2011-14)<br>16 ാം റിപ്പോർട്ട്<br>പ്രകാരമുള്ള<br>നടപടികൾ<br>തുടരുന്നു. |

## (4-8) ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44038684 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38132221 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1115937 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 466212 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 127893 | ശ്രീ.എസ്.വിജയകുമാർ, അസി.എഞ്ചിനീയർ<br>ശ്രീ.ബിജു, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 9044 | ശ്രീ .എസ്.വിജയകുമാർ, അസി.എഞ്ചിനീയർ |
| 3-3 | 955000 | ശ്രീ. അജിത് കുമാർ കെ.ആർ.,കൃഷി ഓഫീസർ & ഭരണസമിതിയംഗങ്ങൾ (തുല്യമായി) |
| 3-4 | 24000 | ശ്രീ. ബി.റഫീക്ക്, സെക്രട്ടറി<br>ശ്രീ.റ്റി.ബെന്നി, അസിസ്റ്റന്റ് സെക്രട്ടറി (തുല്യമായി) |
| ആകെ | 1115937 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 24000 | ശ്രീ. റ്റി.കെ.സജീവ്, പ്രസിഡന്റ് |

| | | |
|---|---|---|
| | | ശ്രീമതി അഞ്ജു ശങ്കരമംഗലം, വൈസ് പ്രസിഡന്റ് |
| 3-5 | 50000 | ഡോ.ഇന്ദു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-6 | 20000 | ഡോ.ഇന്ദു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7 | 10000 | ഡോ.ഇന്ദു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8 | 65000 | ശ്രീ. ബി.റഫീക്ക്, സെക്രട്ടറി |
| 3-9 | 70000 | ശ്രീ. ബി.റഫീക്ക്, സെക്രട്ടറി |
| 3-10 | 227212 | ഡോ.ഇന്ദു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 466212 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| 3-2 | 456 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .എസ്.വിജയകുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുന്നത്താനം ഗ്രാമപ്പഞ്ചായത്ത് | കുഞ്ചൻവിളാകം, വക്കം.പി.ഒ, തിരുവനന്തപുരം. പിൻ 695308 |
| ശ്രീ.ബിജു., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പുനലൂർ നഗരസഭ | നിധി 125ബി, ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽ കോളജ് പി.ഒ., തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ. അജിത് കുമാർ കെ.ആർ.,കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ, അരീക്കോട് ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ല. | വിപഞ്ചിക, ചോലൂർ പി.ഒ, കോഴിക്കോട് |
| ശ്രീ. ബി.റഫീക്ക്, സെക്രട്ടറി | സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത് | അൽ ഫജർ, ഗുരുകുലം, നം.101, പേരൂർക്കട, തിരുവനന്തപുരം |
| ശ്രീ.റ്റി.ബെന്നി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കോരുത്തോട് ഗ്രാമപ്പഞ്ചായത്ത് | ചാലുവെളിയിൽ, ചാരമംഗലം, കായിപ്പുറം, മുഹമ്മ പി.ഒ |
| ശ്രീ. റ്റി.കെ.സജീവ്, പ്രസിഡന്റ് | - | തുളസി ഭവൻ, കവിയൂർ പി.ഒ |
| ശ്രീമതി അഞ്ജു ശങ്കരമംഗലം, വൈസ് പ്രസിഡന്റ് | - | ശങ്കരമംഗലം, കവിയൂർ പി.ഒ |
| ഡോ.ഇന്ദു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കവിയൂർ ഗ്രാമപഞ്ചായത്ത് | സി.1ഡോക്ടേഴ്സ് ക്വാർട്ടേഴ്സ്, പുഷ്പഗിരി ഹോസ്പിറ്റൽ , തിരുവല്ല. |
| ശ്രീമതി ശകുന്തള.കെ.ജി | മെമ്പർ, വാർഡ് 1 | ഐക്കുഴി വടക്കേതിൽ, മുണ്ടിയപ്പള്ളി പി.ഒ. |
| ശ്രീ. വർഗീസ് ഹാനോക്ക് | മെമ്പർ, വാർഡ് 2 | പടിഞ്ഞാറേക്കുറ്റ്,<br>മുണ്ടിയപ്പള്ളി പി.ഒ. |
| ശ്രീമതി ജെസ്സി | മെമ്പർ, വാർഡ് 3 | പ്ലാന്തോട്ടിൽ,<br>മുണ്ടിയപ്പള്ളി പി.ഒ. |
| ശ്രീമതി രത്നാമണിയമ്മ.പി.എസ്. | മെമ്പർ, വാർഡ് 4 | നല്ലൂർ ശ്രീലകം, കോട്ടൂർ, കവിയൂർ പി.ഒ. |
| ശ്രീ. ജോസഫ് ജോൺ | മെമ്പർ, വാർഡ് 5 | മണ്ണിൽ പുത്തൻപുരയിൽ കവിയൂർ പി.ഒ. |

| | | |
|---|---|---|
| ശ്രീ. ഉമാദേവി.എസ് | മെമ്പർ, വാർഡ് 6 | മത്തിമലയിൽ, കവിയൂർ പി.ഒ. |
| ശ്രീ. ബൈജുക്കുട്ടൻ | മെമ്പർ, വാർഡ് 7 | കൊച്ചുമലയിൽ, കവിയൂർ പി.ഒ. |
| ശ്രീ. റ്റി.കെ.തുളസീദാസ് | മെമ്പർ, വാർഡ് 8 | തുളസിഭവനം, ഞാൽഭാഗം, കവിയൂർ പി.ഒ. |
| ശ്രീമതി എലിസബത്ത് മാത്യു | മെമ്പർ, വാർഡ് 9 | കാനാതറ മണ്ണിൽ, തോട്ടഭാഗം.പി.ഒ. |
| ശ്രീമതി ദീപ്തി കുര്യൻ | മെമ്പർ, വാർഡ് 10 | കൊച്ചുപറമ്പിൽ, തോട്ടഭാഗം.പി.ഒ. |
| ശ്രീമതി അജിത തമ്പി | മെമ്പർ, വാർഡ് 11 | ഗ്രാവിളയിൽ, തോട്ടഭാഗം.പി.ഒ. |
| ശ്രീ. രാജേഷ് കുമാർ | മെമ്പർ, വാർഡ് 12 | കച്ചിറമലയിൽ, കവിയൂർ പി.ഒ. |
| ശ്രീ. അഖിൽ മോഹനൻ | മെമ്പർ, വാർഡ് 13 | താമരയിൽ, ആഞ്ഞിലിത്താനം.പി.ഒ. |
| ശ്രീമതി കുഞ്ഞൂഞ്ഞമ്മ.ഇ.സി | മെമ്പർ, വാർഡ് 14 | പുതുപ്പറമ്പിൽ, കോട്ടൂർ.പി.ഒ. |

## (4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1997-98(FULL) | എൽ.എഫ്.പി.റ്റി.എ/ പി2 /20/2000തീയതി 19.09.2000 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/ പി4/874/2004തീയതി 11.05.2005 |
| 1999-00(ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ /പി4/878/04 തീയതി 05.07.2005 |
| 1999-00(ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2/97/01 തീയതി 04.02.2002 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി.4/680/03 തീയതി 01.04.2004 |

| | |
|---|---|
| 2001-02(DCB & FINAL) | എൽ.എഫ്.പി.റ്റി.എയപി4/342/05 തീയതി 9.12.2005 |
| 2001-02(FULL) | എൽ.എഫ്.പി.റ്റി.എ/പി2/821/04 തീയതി.12.08.2005 |
| 2002-03 | എൽ.എഫ്.പി.റ്റി.എയപി5/189/06 തീയതി 6.10.2006 |
| 2003-04 | എൽ.എഫ്.പി.റ്റി.എയപി.8/536/2006/തീയതി 12.02.2008 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5/1133/07 തീയതി 03.04.2008 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി/7/769/11 തീയതി 8.12.2001 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7/770/11 തീയതി 8.12.2011 |
| 2007-08 മുതൽ 09-10 വരെ | എൽ.എഫ്.പി.റ്റി.എ/പി6/420/2011 തീയതി 10.09.2013 |
| 2010-11& 11-12 | എൽ.എഫ്.പി.റ്റി.എ/ പി/ 7/992/13 തീയതി 05.02.2014 |
| 2012-13 | എൽ.എഫ്.പി.റ്റി.എ/ പി/7/954/14 തീയതി 23.12.2014 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/ പി/7/348/2015 തീയതി 28.07.2015 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി.7- 680/2016 തീയതി 21.06.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി 7/1439/2016 തീയതി : 18-01-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.KSA/PTA/P7/1439/2016 18-01-2017

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Kaviyoor Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kaviyoor Grama Panchayat for the year 2015-16 except the observations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta